**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.139 — 11.02.2013 - ൽ മറുപടിയ്ക്ക്

## കൊപ്രയുടെ താങ്ങുവില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. സി. കെ. സദാശിവൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | 2013 സീസണിലേക്ക് കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരുമായി കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷൻ ചർച്ച നടത്തിയിരുന്നുവോ; | (എ) | ചർച്ച നടത്തിയിരുന്നു. |
| (ബി) | എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ കമ്മീഷൻ മുമ്പാകെ വച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) | 1) കൊപ്രയുടെ താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 6300 രൂപയായും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 6915 രൂപയായും ഉയർത്തുക. കൊപ്രയുടെ താങ്ങുവിലയ്ക്ക് അനുസരണമായി പച്ചത്തേങ്ങയ്ക്ക് ക്വിന്റലിന് 1900 രൂപയായി വില നിശ്ചയിക്കുക.<br><br>2) കൊപ്ര സംഭരണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിക്കുക.<br><br>3) നാളികേര മേഖലയിൽ ഉൽപ്പാദന വൈവിദ്ധ്യ വൽക്കരണവും ആധുനിക വിപണന തന്ത്രങ്ങളും ശാസ്ത്രീയമായി ആവിഷ്ക്കരിച്ച് നടപ്പാക്കുക.<br><br>4) പൊതുവിതരണ ശൃംഖല മുഖേന വെളിച്ചെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. |

5) ഇറക്കുമതി ചെയ്ത ഭക്ഷ്യഎണ്ണകൾക്ക് പൊതുവിതരണ മേഖലയിൽ മറ്റു സംസ്ഥാനങ്ങളിൽ അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായ പദ്ധതി പുനരവലോകനം ചെയ്യുക.

6) വെളിച്ചെണ്ണയുടെ കയറ്റുമതിയിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എടുത്ത് കളയുക.

7) തീരുവരഹിതമായി ഇറക്കുമതി ചെയ്യപ്പെടുന്ന ഇതര ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി നിയന്ത്രിക്കുക.

8) തെന്നിന്ത്യൻ പോർട്ടുകൾ വഴിയുള്ള ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി നിയന്ത്രിക്കുക.

(സി) കഴിഞ്ഞ വർഷം സംഭരണ നടപടികളിൽ ഉണ്ടായിട്ടുള്ള വീഴ്ചകളുടെ പശ്ചാത്തലത്തിൽ 2013 സീസണിലെ കൊപ്രാസംഭരണ നടപടികളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

(സി) 2013 വർഷം കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണത്തിനു പുറമേ കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനായി കൃഷി ഭവൻ മുഖേന പച്ച നാളികേരം സംഭരിക്കുന്നതിനുള്ള പദ്ധതി 2013 ജനുവരി 1-ാം തീയതി മുതൽ തന്നെ ആരംഭിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ എട്ട് ജില്ലകളിൽ ആദ്യഘട്ട സംഭരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ നാളികേര ഉൽപ്പന്ന വൈവിദ്ധ്യ വൽക്കരണവും മൂല്യവർദ്ധനവും ലക്ഷ്യമാക്കി സംസ്ഥാനത്ത് മൂന്ന് കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു.

സെക്ഷൻ ഓഫീസർ